
അറിയുക സ്നേഹത്തെ
ബിജോയ് ശാമുവേൽ അബുദാബി
Zabateri

ദൈവം സ്നേഹമാണ്. ആ സ്നേഹത്തിന്റെ പ്രതീകമായിട്ടാണ് യേശുക്രിസ്തു മനുഷ്യവതാരം എടുത്ത് പാപികളായ നമ്മെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷിക്കാനായി ഈ ലോകത്തിൽ നിന്നും സകലരുടെയും രക്ഷയ്ക്കായി തന്റെ തിരുരക്തം മറുവിലയായി കൊടുത്തത്. എന്നാൽ വെറും മണ്ണാങ്കട്ടയായ മനുഷ്യർ ഈ സത്യത്തെ എത്രമാത്രം തിരിച്ചറിയുന്നുണ്ട്. സകലരോടും സ്നേഹത്തിൽ കഴിയുന്നതിനും ദൈവസ്നേഹത്തെ നമ്മുടെ ജീവിതത്തിൽ പ്രകടിപ്പിച്ച് യേശുക്രിസ്തുവിന്റെ അനുയായികളായി ഈ ലോകത്തിൽ ജീവിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. തന്റെ സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. അതാണ് യേശുക്രിസ്തു തന്റെ ജീവിതത്തിൽ കാണിച്ചു തന്നത്. തുടർന്നു പറയുന്നു, ‘ ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ.’ നാം ആദ്യം ദൈവത്തിന്റെ സ്നേഹിതന്മാർ ആകണം. അതിനുവേണ്ടി അവന്റെ വചനത്തെയും കല്പനകളെയും അനുസരിക്കണം.

അതുപോലെ ജീവിതത്തിൽ പ്രവർത്തിച്ച് സത്യദൈവത്തെ ആരാധിക്കുന്നവരാകണം. ദൈവത്തിന്റെ സ്നേഹിതന്മാർ ആകുന്നതിന് ആദ്യം വിശ്വാസം പൂർണ്ണമാകണം. ‘തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം, അവനെ നല്കുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ സ്നേഹിച്ചു.’ നമുക്ക് നിത്യജീവൻ നൽകുന്നതിന് വേണ്ടിയാണ് യേശുക്രിസ്തു വന്നത്. ഇപ്പോൾ നാം അനുഭവിക്കുന്ന ഈ ജീവിതത്തിന്റെ ജീവൻ നിത്യതയില്ലാത്തതാണ്, അത് നശിക്കും. അതിന് മുമ്പ് യേശുക്രിസ്തുവിനെ രക്ഷിതവായി സ്വീകരിച്ച് വായ് കൊണ്ട് ഏററുപറയണം. കർത്താവിന്റെ സ്നേഹിതന്മാരായിടാം, അതിനായി വിശ്വാസത്തെ വർദ്ധിപ്പിക്കാം. ആ വിശ്വാസത്തിന്റെ ബലത്താൽ ദൈവത്തിന്റെ മക്കളായും മണവാട്ടിയായും നമുക്ക് ജീവിക്കാം. സ്നേഹം ദീർഘക്ഷമയും ദയയും ഉള്ളതാണ്. സ്നേഹം അസൂയപ്പെടുകയോ വമ്പു പറയുകയോ അഹങ്കരിക്കുകയോ ചെയ്യുന്നില്ല. പരോക്ഷമായി പെരുമാറുന്നില്ല. സ്വർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല. ദോഷം കണക്കിടുന്നില്ല. സ്നേഹം തിന്മയിൽ രസിക്കാതെ സന്തോഷത്തിൽ സന്തോഷിക്കുന്നു. എല്ലാം വഹിക്കുന്നു. എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാശിക്കുന്നു. എല്ലാം സഹിക്കുന്നു.

നമുക്ക് ക്ഷമയും കരുണയും ദൈവാശ്രയത്തിൽ തോന്നുകയും അത് ജീവിതത്തിൽ പ്രകടമാക്കുകയും ചെയ്യേണം. ആരോടും അസൂയപ്പെടുകയോ കള്ളം പറയുകയോ കള്ളത്തരം കാണിക്കുകയും ചെയ്യരുത്. ദൈവസ്നേഹം ഒരിക്കലും അഹങ്കരിക്കുന്നില്ല. പരോക്ഷമായി ദൈവത്തിന്റെ സൃഷ്ടികളോട് പെരുമാറുകയില്ല. ഏദൻതോട്ടവും അതിന്റെ അനുഭവവും നൽകി ആദാമിനെയും ഹവ്വായെയും ദൈവം സ്നേഹിച്ചു. ആ സ്നേഹം തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല. കിട്ടിയതിന് നന്ദിയും സ്തോത്രവും പറയാതെ കിട്ടാത്തതിനെയും കൊടുക്കാത്തതിനെയും പരാതി പറഞ്ഞ് കല്പന ലംഘനം നടത്താൻ അവർക്ക് കഴിഞ്ഞത് ദൈവത്തിന്റെ സ്നേഹം വേണ്ടതായ രീതിയിൽ ഗ്രഹിക്കാൻ കഴിയാത്തതുകൊണ്ടാണ്. ദൈവത്തിന്റെ കല്പനകൾ അനുസരിക്കാൻ വിധത്തിൽ അവരുടെ സ്നേഹമോ വിശ്വാസമേ വളർന്നിട്ടില്ല, വർദ്ധിച്ചിട്ടില്ല. അതിനുവേണ്ടി അവർ ആഗ്രഹിച്ചിട്ടില്ല, ശ്രമിച്ചിട്ടില്ല. നാം ഓരോരുത്തർ വിശ്വാസവും സ്നേഹവും വളർത്തി അത് അനുഭവമാക്കി ദൈവത്തെ അറിയണം, സ്നേഹത്തെ അറിയണം.

ദൈവത്തോട് അവർക്ക് സ്നേഹം ഉണ്ടായിരുന്നെങ്കിൽ ദൈവത്തിന്റെ കല്പനകളെ അവർ അനുസരിക്കുമായിരുന്നു. ദൈവത്തിന്റെ മക്കളായി എന്നും അനുഗ്രഹങ്ങൾ നിറഞ്ഞ് ഏദന്റെ അനുഭവത്തിൽ ജീവിക്കുമായിരുന്നു. ദൈവത്തെയും ദൈവത്തിന്റെ സ്നേഹത്തെയും നമുക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ടോ? ആ സ്നേഹത്തെ തിരിച്ചറിയാൻ കഴിയാത്തത് വലിയ നഷ്ടവും ശാപവും ആകുന്നു. ആ സ്നേഹത്തെ അറിയാതെ, ദൈവത്തെയും ദൈവത്തിന്റെ കല്പനകളെയും അറിയാനോ അത് അനുസരിക്കാനോ കഴിയണമെന്നില്ല. ആദ്യമായി ജീവനുള്ള വചനത്തെ ധ്യാനിക്കേണം. ദൈവത്തിന്റെ കല്പനകളെ ആചരിക്കേണം, അനുസരിക്കേണം. അതാണ് നാം ദൈവത്തെ സ്നേഹിക്കുന്നതിനുള്ള ഒരു വ്യക്തമായ തെളിവ്. ഈ ലോകത്തെയും അതിന്റെ പ്രതാപത്തെയും നേടിയെടുക്കാൻ ലോകത്തിന്റെ പ്രഭുവിനെ അറിയാൻ ശ്രമിക്കാതെ നിത്യസ്നേഹത്തിന്റെയും നിത്യജീവന്റെയും ഉടയവനായ യേശുവിനെ അറിയാൻ ആഗ്രഹിച്ച് ജീവിക്കാം. ദൈവസ്നേഹവും അനുഭവമാണെങ്കിൽ ദൈവത്തിന്റെ ആത്മാവ് വേണം. ദൈവത്തിന്റെ ആത്മാവ് വന്നെങ്കിൽ മാത്രമേ ദൈവത്തെ സ്നേഹിക്കുവാനും ദൈവത്തിന്റെ ആത്മാവ് പറയുന്നത് അനുസരിക്കുവാനും കഴിയുകയുള്ളു. യേശുക്രിസ്തുവിനെ പൂർണ്ണആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും പൂർണ്ണ ഹൃദയത്തോടും സ്നേഹിച്ചിട്ട് ഒരു ശാപവും ഏൽക്കാത്ത ഒരു അവസ്ഥ.

സ്നേഹിക്കാത്തവർക്കാണ് ശാപം ഏൽക്കുന്നത് എന്ന് അപ്പോസ്തലനായ പൗലൊസ് 1 കൊരിന്ത്യർ 16–ാം അദ്ധ്യായത്തിൽ പറയുന്നു. യേശുവിനെ സ്നേഹിക്കാത്തവർ എല്ലാവരും ശപിക്കപ്പെട്ടവരാണ്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ നമുക്ക് ദൈവത്തിന്റെ കല്പനകളെ അറിയുവാനും അനുസരിക്കുവാനും കഴിയുക. സ്നേഹത്തിലൂടെ മാത്രമേ പരിശുദ്ധാത്മാവ് പ്രവർത്തിക്കൂ. ദൈവത്തെ അറിയാം, സ്നേഹത്തെ അറിയാം. അതിനായി ദൈവാത്മാവിന്റെ, പരിശുദ്ധാത്മാവിന്റെ നിറവിനായി കാത്തിരിക്കാം, പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ദൈവത്തിന്റെ ജീവനുള്ള വചനത്താൽ ദിനംപ്രതി പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി ദൈവസന്നിധിയിൽ ആശ്രയിച്ച് ജീവിക്കാം. നാം ദൈവത്തെ സ്നേഹിക്കുന്നതോ ദൈവം നമ്മെ സ്നേഹിക്കുന്നതോ, ഏതാണ് വലുത്? ദൈവം നമ്മെ എടുത്ത്, തിരഞ്ഞെടുത്ത് സ്നേഹിക്കണം. അതിനായി ദൈവത്തെ പ്രസാദിപ്പിക്കണം.

വിശുദ്ധ കന്യകമറിയം, കൃപായുഗത്തിന്റെ തുടക്കത്തിൽ, ദൈവത്തെ പ്രസാദിപ്പിക്കാനും ദൈവത്തിന്റെ കൃപ നേടിയെടുത്ത് ജീവനുള്ള വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കാനും സകലർക്കും രക്ഷയുടെ പാത തുറന്നുകൊടുക്കാനും വിശുദ്ധ കന്യക മറിയാമിന് കഴിഞ്ഞു. നാം ക്രിസ്ത്യാനിയായി ജീവിക്കുന്നു, നാമമാത്രം ക്രിസ്ത്യാനിയും പ്രവൃത്തിയും ചിന്തയും ക്രിസ്തുവില്ലാത്ത അന്യജാതിക്കാരെപ്പോലെ ജീവിക്കുന്നു. എന്താണ് ഇതിന് കാരണം? സത്യസ്നേഹത്തിന്റെ അഭാവമാണ്. സത്യസ്നേഹത്തെ അറിയണമെങ്കിൽ സത്യവചനത്തെ അറിയണം, ധ്യാനിക്കേണം. സത്യവചനത്തിലൂടെ സത്യദൈവത്തെയും സത്യസ്നേഹത്തെയും തിരിച്ചറിയാൻ കഴിയും. സത്യവചനത്തിലൂടെയാണ് വിശുദ്ധ കന്യകമറിയം, യേശുക്രിസ്തുവിനെ ഗർഭം ധരിച്ചത്. അതേപോലെ സത്യവചനത്തെ നമ്മുടെ ഹൃദയത്തിൽ ഉൾക്കൊണ്ട് സത്യമായ ദൈവത്തെ തിരിച്ചറിയാനും, ദൈവത്തിന്റെ സാക്ഷികളായി ജീവിച്ച്, ജീവിതത്തെ നല്ല മാതൃകയാക്കി ക്രിസ്തുവിന്റെ മണവാട്ടിസഭയിലെ അംഗമാണെന്ന് തെളിയിക്കണം. ദൈവത്തെ / സ്നേഹത്തെ അറിയണമെങ്കിൽ നാം ദൈവത്തിൽ നിന്ന് ജനിക്കേണം. ദൈവത്തിന്റെ ആത്മാവിനെ സ്വീകരിച്ചവർ ആകണം. ദൈവത്തിന്റെ ആത്മാവ് പറയുന്നത് അനുസരിക്കുന്നവർ ആകണം. ദൈവത്തിനുവേണ്ടി, ക്രിസ്തുവിനെപ്പോലെ കഷ്ടതകളും സങ്കടങ്ങളും സഹിച്ചുകൊള്ളാവുന്നവരായി ക്രിസ്തുവിന്റെ കൂടെ വസിക്കുന്നവരാകണം. ക്രിസ്തുവിന്റെ മണവാട്ടി സഭയിലെ നാം ഓരോരുത്തർ, ക്രിസ്തുവിന്റെ വചനത്തെയും കല്പനകളെയും എല്ലാം ശരിയായ രീതിയിൽ ഗ്രഹിച്ച് ജീവിതത്തിൽ പ്രകടിപ്പിച്ച് ജീവിതം സഫലമാക്കണം.

ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കുന്നതിനും ആ ജീവിതരീതിയിൽ നല്ല മാതൃകയായി, മററുള്ളവർക്കും നമ്മുടെ ദൈവമാണ് യഥാർത്ഥ ദൈവമെന്ന് സാക്ഷ്യം പറയുവാൻ സാധിക്കേണം. അതാണ് യഥാർത്ഥ ദൈവസ്നേഹം, ആ നല്ല ശമര്യക്കാരനെപ്പോലെ ദൈവസ്നേഹത്തെ അറിഞ്ഞ് പ്രവർത്തിക്കുമ്പോൾ, ദൈവത്തെയും ദൈവസ്നേഹത്തെയും നാം അറിയുന്നു. സത്യവനം ധ്യാനിച്ച് ദൈവത്തെയും ദൈവസ്നേഹത്തെയും അറിഞ്ഞ് ജീവിക്കുവാൻ നമുക്ക് ഓരോരുത്തർക്കും കഴിയട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.